**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 785 — 28/02/2018-ലെ മറുപടി

**വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ സ്കീം**

| **ചോദ്യം** | | **മറുപടി** |
| --- | --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| എ) നവീന ആശയങ്ങളെ സന്നിവേശിപ്പിച്ച കൊണ്ട് വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ എന്ന പേരിൽ ഒരു സ്കീം ആരംഭിച്ചിട്ടുണ്ടോ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ സവിശേഷതകളും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുമോ; | (എ & ബി) | ഉണ്ട്; ശുദ്ധ ജല വിതരണരംഗത്തും സ്വിവറേജ് സംവിധാന പരിപാലനത്തിനും, കേരള ജല അതോറിറ്റി വിവിധ സാങ്കേതിക, പ്രശ്നങ്ങൾ നേരിടുന്നുണ്ട് ജലവിതരണവും സ്വീവറേജ് സംവിധാനവും ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ അതോറിറ്റി നേരിടുന്ന പ്രശ്നങ്ങൾക്ക് ഇവിടുത്തെ സാഹചര്യത്തിന് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തി വികസിപ്പിക്കു ന്നതിനും യുവജനങ്ങളുടെ സർഗ്ഗാത്മകമായ നൂതന ആശയങ്ങൾ ജല അതോറിറ്റിയുടെ മേൽ നോട്ടത്തിൽ ഉപയോഗപ്പെടുത്തുന്നത് നന്നായിരിക്കും എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് പ്രസ്തുത സംരംഭം ആരംഭിച്ചിട്ടുള്ളത്.<br><br>കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ) എന്ന പേരിൽ ആരംഭിച്ചിട്ടുള്ള സംരംഭത്തിന്റെ ഭാഗമായി പ്രശ്ന സങ്കീർണ്ണതയുള്ള മേഖലയിലെ നേരത്തെ തന്നെ തിരിച്ചറിഞ്ഞിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി പരിഹാരം നിർദ്ദേശിക്കുവാൻ താല്പര്യമുള്ള വ്യക്തികൾ / സംരംഭകർ / സ്ഥാപനങ്ങൾ എന്നിവർക്കായി ഒരു വെബ്പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. വെബ്പോർട്ടലിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ / ആശയങ്ങൾ ഒരു പ്രോജക്ട് സെലക്ഷൻ കമ്മിറ്റി അവലോകനം ചെയ്യുകയും നൂതന ആശയവും ടീം സാധ്യതകളും അടിസ്ഥാനമാക്കി ഒരു സ്ക്രീനിംഗ് പ്രക്രിയ നടത്തുകയും ചെയ്യും. ഇതിന്റെ അടിസ്ഥാനത്തിൽ വികസന സാധ്യതയുള്ള ആശയങ്ങൾ തെരഞ്ഞെടുക്കും. തിരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ പ്രോജക്ട് അപ്രൂവൽ കമ്മിറ്റി വിശദമായി അവലോകനം ചെയ്യുകയും ജല അതോറിറ്റിക്ക് തികച്ചും ഗുണകരമായവ ഉന്നതതല തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്യുന്നതാണ്.<br><br>കേരളത്തിലെ സംരംഭകത്വ വികസനത്തിനും |

ഇൻകുബേഷൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചാണ് ഇത്തരം നവീന ആശയങ്ങളെ ജല അതോറിറ്റിക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങളാക്കി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രസ്തുത സംരംഭം ആരംഭിച്ചിട്ടുള്ളത്.

ഇപ്രകാരം ലഭിച്ച ആദ്യ രണ്ട് ആശയങ്ങളിൽ നിന്നും യന്ത്ര മനുഷ്യന്റെ സഹായത്താൽ ആൾനൂഴി വൃത്തിയാക്കുന്ന ആശയത്തെ തിരഞ്ഞെടുക്കുകയും, കേരള വാട്ടർ അതോറിറ്റിയിലെ എഞ്ചിനിയേഴ്സിന്റെ മേൽ നോട്ടത്തിലും മാർഗനിർദ്ദേശത്തിലും അതോറിറ്റിക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ഒരു പൈലറ്റ് മോഡൽ വികസിപ്പിക്കുകയും ചെയ്തു. ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും വരെ ശ്രദ്ധ നേടി കഴിഞ്ഞ ഈ യന്ത്ര മനുഷ്യന്റെ ഉദ്ഘാടനം ഫെബ്രുവരി 26ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ച വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പന്നമായി ഇതിനെ വികസിപ്പിച്ചെടുക്കുന്നതിന് ഇനിയും ഉത്തമീകരണം ആവശ്യമാണ്. ഈ യന്ത്ര മനുഷ്യന്റെ അടുത്ത ഘട്ടങ്ങൾക്ക് ആവശ്യമായ നടപടികൾ, ബന്ധപ്പെട്ട കമ്മിറ്റികളുടെ ഉപദേശാനുസരണം കൈക്കൊള്ളുന്നതാണ്. ഇനിയും ഇത്തരത്തിലുള്ള നൂതന ആശയങ്ങൾക്കും പ്രാദേശിക പ്രതിഭകൾക്കും പ്രോത്സാഹനം നൽകി അവയെ യാഥാർഥ്യമാക്കി, കേരള വാട്ടർ അതോറിറ്റിയ്ക്ക് ഗുണകരമാക്കുക എന്നതാണ് പരമപ്രധാന ലക്ഷ്യം.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ? | (സി) (KWIZ) എന്ന സംരംഭം 11.1.2018 -ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഈ അവസരത്തിൽ തന്നെ ഈ സംരംഭവുമായി ബന്ധപ്പെട്ടുള്ള ഒരു ധാരണ പത്രം കേരള വാട്ടർ അതോറിറ്റിയും കേരള സ്റ്റാർട്ടപ്പ് മിഷനും കൈമാറിയിരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ